**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2816** **28-02-2023 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിൽ ബഫർസോണിൽ ഉൾപ്പെട്ട പ്രദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ ചെന്തുരുണി വന്യജീവി സങ്കേതത്തിലെ കരുതൽ മേഖല അതിർത്തി സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ടോ; പുനലൂർ താലൂക്കിലെ തെന്മല, ആര്യങ്കാവ്, കുളത്തുപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലായി ഏതൊക്കെ പ്രദേശങ്ങൾ ബഫർ സോണിൽ ഉൾപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ശെന്തുരുണി വന്യജീവി സങ്കേതത്തിലെ ഇക്കോ സെൻസിറ്റീവ് സോൺ അതിർത്തി തിരിച്ച് അടയാളങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പുനലൂർ താലൂക്കിലെ തെന്മല, ആര്യങ്കാവ്. കുളത്തുപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലെ കഴുതുരുട്ടി, തെന്മല, റോസ്മല, നെടുവണ്ണൂർ കടവ്, കട്ടിളപ്പാറ, വില്ലുമല, രണ്ടാംമൈൽ, കുളംബി, പെരുവഴിക്കാല എന്നീ പ്രദേശങ്ങൾ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നതാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ കിഴക്കൻ വനമേഖലയിലെ വില്ലുമല, രണ്ടാം മൈൽ, കുളംബി, പെരുവഴികാല തുടങ്ങിയ ആദിവാസി കോളനികളും കട്ടിളപ്പാറയുടെ മൂന്ന് കിലോമീറ്റർ അകലെയുള്ള 15 ഏക്കർ പുറമ്പോക്ക് പ്രദേശങ്ങളും പ്രസ്തുത മേഖലയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | വില്ലുമല, രണ്ടാംമൈൽ, കുളംബി, പെരുവഴിക്കാല എന്നീ പ്രദേശങ്ങൾ ശെന്തുരുണി വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നവയാണ്. 15 ഏക്കർ പുറമ്പോക്ക് എന്നുദ്ദേശിക്കുന്നത് നെടുവണ്ണൂർക്കടവ്-മീൻമുട്ടിഭാഗം ആണെങ്കിൽ ആ പ്രദേശവും ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നവയാണ്. |
| (സി) | ബഫർസോൺ വിഷയവുമായി ബന്ധപ്പെട്ട് പുനലൂർ താലൂക്കിലെ തെന്മല, ആര്യങ്കാവ്, കുളത്തുപ്പുഴ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും എത്ര പരാതികൾ ലഭിച്ചുവെന്നും അവയിൽ എത്ര എണ്ണം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ; പ്രസ്തുത പരാതികളിൽ പരിഹരിക്കപ്പെടാത്തവ എന്നത്തേയ്ക്ക് പരിഹരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | ഇക്കോ സെൻസിറ്റീവ് സോൺ വിഷയവുമായി ബന്ധപ്പെട്ട് പുനലൂർ താലൂക്കിലെ തെന്മല, ആര്യങ്കാവ്. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച പരാതികളുടെയും അവയിൽ, പരിഹരിക്കാൻ കഴിഞ്ഞവയുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| തദ്ദേശ സ്വയം ഭരണ സ്ഥാപന ത്തിന്റെ പേര് | ഹെൽപ്പ് ഡെസ്കിലും ഇ-മെയിൽ വഴിയും ലഭിച്ച പരാതി കൾ (ക്യുമിലി യേറ്റീവ് ടോട്ടൽ) | പരിഹരിച്ച പരാതികൾ | KSERC ന്റെ അസറ്റ് മാപ്പർ ആപ്പ് പ്രകാരം വിവരങ്ങൾ അപ് ലോഡ് ചെയ്ത് | റിമാർക്സ് |
|---|---|---|---|---|
| തെന്മല | 730 | 428 | 428 | ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽ ഉൾപ്പെ ടാത്ത 302 അപേക്ഷകളിൽ ഫീൽഡ് വെരിഫിക്കേഷൻ മാത്രം പൂർത്തീകരിച്ചിട്ടുള്ള താണ്. |
| ആര്യങ്കാവ് | 380 | 380 | 908 | പരാതികൾ കൂടാതെ ലഭിച്ചവ ചേർത്താണ് 908 എണ്ണം അപ് ലോഡ് ചെയ്തിട്ടുള്ളത് |
| കുളത്തൂപ്പുഴ | 663 | 418 | 418 | 1) 12 അപേക്ഷകൾ ജിയോ ടാഗ് ചെയ്യുവാനുള്ള നിർമ്മിതികളാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്.<br>2) ബാക്കിയുള്ള 233 അപേ ക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് കൃഷിഭൂമിയും തരിശു നിലങ്ങളുമാണ്. |